


**ഹായ് മക്കളേ....**

**നമ്മുടെ കൂട്ടുകാരിയെ ഓർക്കുന്നില്ലേ ...ആരായിരുന്നു?**



**താര**

**താര അല്ലേ ....താരയ്ക്ക് ഒരു കൊച്ചുകൂട്ടുകാരി ഉണ്ടല്ലോ ?**



**കുഞ്ഞിക്കോഴി**

**അപ്പോഴേ....താര അവിടെ എന്തെടുക്കുവായിരുന്നു ?അവൾ എവിടെയായിരുന്നു ?കുഞ്ഞിക്കോഴിയുടെ കൂടിനരികിൽ അല്ലേ ...**

**എല്ലാവരും ഇന്നലത്തെ ക്ലാസ്സ് കണ്ടിരുന്നോ? ക്ലാസ് ഒന്നുകൂടി കാണണോ എങ്കിൽ നമ്മുടെ കൂട്ടിൽ ഉള്ള കുഞ്ഞിക്കോഴിയേ ഒന്നു തൊട്ടു നോക്കിയേ.....**



**കുഞ്ഞിക്കോഴിയോട് കിന്നാരം പറഞ്ഞ് കുഞ്ഞിക്കോഴി അരിമണി കൊത്തിതിന്നുന്നത് നോക്കി ഇരിക്കുമ്പോഴാണ് താരയെ ആരോ വിളിക്കുന്നു ആരായിരുന്നു അത് ?**



**താരയുടെ മുത്തശ്ശി**

**പല്ലില്ലാത്ത മുത്തശ്ശി**

**കഥ പറയുന്ന മുത്തശ്ശി**

**പാട്ടുപാടുന്ന മുത്തശ്ശി**

**വിളികേട്ട് താര മുത്തശ്ശിയുടെ അടുത്തേക്ക് ഓടിച്ചെന്നു.**

**മുത്തശ്ശി അവൾക്ക് ഒരുപാട് കഥ പറഞ്ഞു കൊടുക്കാറുണ്ട് അല്ലേ...**

**മുത്തശ്ശി താരയ്ക്ക് പറഞ്ഞു കൊടുത്ത ഒരു കഥ ടീച്ചർ പറഞ്ഞു തന്നില്ലേ ആരുടെ കഥയായിരുന്നു അത്?**

**കുഞ്ഞിക്കുരുവിയുടെ കഥ**

**എല്ലാവർക്കും കഥ ഇഷ്ടായോ?**
**പാവം കുഞ്ഞിക്കുരുവിക്ക് കൂട് നഷ്ടപ്പെട്ടിരുന്നു അല്ലേ എന്നിട്ട് കുഞ്ഞിക്കുരുവിയെ ആരാ സഹായിച്ചേ ?**



**വാഴ**

**കഥ കേട്ടിട്ട് മക്കൾക്ക് എന്താ മനസ്സിലായേ?**

**"നമ്മൾ എപ്പോഴും നമ്മളാൽ കഴിയുന്ന സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്തുകൊടുക്കണം"**

MMUPS

**കഥ കേട്ടപ്പോഴേ താരയ്ക്ക് ഒരു സംശയം എല്ലാ ജീവികൾക്കും കൂട് ഉണ്ടാകുമോ?**
**മക്കൾ കൂടുകൾ കണ്ടിട്ടുണ്ടോ?**
**ഏതൊക്കെ ജീവികളുടെ കൂടുകൾ കണ്ടിട്ടുണ്ട്?**
**നിങ്ങളുടെ പരിസരത്തുള്ള കൂടുകൾ നിരീക്ഷിച്ചോ?**
**(മുതിർന്നവരുടെ സഹായത്തോടെ )**

## ജീവികൾ കൂടുകൾ






















**ടീച്ചർ കൂടുകളുടെ ഒരു പാട്ടു പാടി തന്നല്ലോ ...എല്ലാവരും പാടി നോക്കിയോ ?**

# വരികൾ കൂട്ടിച്ചേർത്തുപാടാം

കാക്കയ്ക്കുണ്ടൊരു കൂട്

ചുള്ളിക്കമ്പിൻ കൂട്

കുരുവിയ്ക്കുണ്ടൊരു കൂട്

നാരുകൊണ്ടൊരു കൂട്

...........................................

..........................................

..............................................

..........................................

ജീവികൾ പലതരമാണല്ലോ

കൂടുകൾ പലതരമുണ്ടല്ലോ

പാട്ടു പാടിയ ഒരു ഓഡിയോ
ക്ലിപ്പ് ടീച്ചർക്ക് അയക്കണേ......

MMUPS

# വരച്ചുയോജിപ്പിക്കാം















